നമ്പർ. എൻ1/13202/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം
തിരുവനന്തപുരം, തീയതി, 24/08/2020
Phone: 0471- 2328438
Email: supdtn.dge@kerala.gov.in

## സർക്കുലർ

വിഷയം :- മുസ്ലിം/നാടാർ/ആംഗ്ലോ ഇൻഡ്യൻ/മറ്റു പിന്നാക്ക വിഭാഗങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്/എൽ.എസ്.എസ്/യു.എസ്.എസ്./ നാഷണൽ സ്കോളർഷിപ്പ് - 2020-21 - സംബന്ധിച്ച്

സൂചന :- 1. ബഡ്ജറ്റ് അലോട്ട്മെന്റ് - 2020-21
2. സ്കോളർഷിപ്പ് വിതരണം നടത്തുന്നതിനുള്ള പ്രവർത്തന കലണ്ടർ 2019-20.
3. സർക്കാർ ഉത്തരവ് നമ്പർ. 10/2018/പൊ.വി തീയതി, 25/01/2018

മുസ്ലിം/നാടാർ/ആംഗ്ലോ ഇൻഡ്യൻ/മറ്റു പിന്നാക്ക ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്/ എൽ.എസ്.എസ്/ യു.എസ്.എസ്./ നാഷണൽ സ്കോളർഷിപ്പ് യഥാസമയം വിതരണം ചെയ്യുന്നതിനുവേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

I **മുസ്ലീം/നാടാർ/ആംഗ്ലോ ഇൻഡ്യൻ/മറ്റു പിന്നാക്ക/ മുന്നാക്ക വിഭാഗത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്**

25000 രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മേൽപ്പറഞ്ഞ വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതാണ്. പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്ന കുട്ടികളെ മുസ്ലീം/നാടാർ സ്കോളർഷിപ്പ് വിതരണത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഇതിനായി പ്രഥമാദ്ധ്യാപകർ ക്ലാസ്സ് ടീച്ചേഴ്സിന് പ്രത്യേകം നിർദ്ദേശം നൽകേണ്ടതാണ്. യു.പി.വിഭാഗത്തിന് 125/- രൂപയും എച്ച്.എസ്സ് വിഭാഗത്തിന് 150/- രൂപയും വാർഷിക സ്കോളർഷിപ്പ് നൽകുന്നു.

II **എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ്**

എല്ലാ വിഷയത്തിനും 'എ' ഗ്രേഡ് ലഭിക്കുന്ന 4, 7 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് യഥാക്രമം എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. പ്രസ്തുത പരീക്ഷയിൽ വിജയികളാകുന്ന കുട്ടികൾക്കാണ് സംസ്ഥാന സർക്കാർ എൽ.എസ്,എസ്/യു,എസ്.എസ് സ്കോളർഷിപ്പ് നൽകുന്നത്. സ്കോളർഷിപ്പിനർഹരായ കുട്ടികൾക്ക് എൽ.എസ്.എസ് സ്കോളർഷിപ്പ് 5, 6, 7 ക്ലാസ്സുകളിലും യു.എസ്.എസ് സ്കോളർഷിപ്പ് 8, 9, 10 ക്ലാസ്സുകളിലും നൽകുന്നു.



Scanned with CamSca